"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പഞ്ചായത്തുകൾക്ക് ശുചിത്വ-മാലിന്യ സംസ്കരണ പ്രവത്തനങ്ങൾക്കായി ശുചിത്വ മിഷനിൽ നിന്നും നൽകിയ തുകയിൽ വിനിയോഗ ശേഷം മിഷനിലേക്ക് തിരികെ ഒടുക്കിയ തുകയിൽ നിന്നും 50 ലക്ഷം രൂപ, റിവോൾവിംഗ് ഫണ്ട് ആയി ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt) No.993/2020/LSGD     തീയതി, തിരുവനന്തപുരം, 28/05/2020

---

പരാമർശം:- 1. 24/01/2020-ലെ സ.ഉ (സാധാ) നം.197/2010/ത.സ്വ.ഭ.വ.നമ്പർ ഉത്തരവ്

2. 17.02.2020-ലെ സ.ഉ.(സാധാ) നം.396/2020/ത.സ്വ.ഭ.വ, നമ്പർ ഉത്തരവ്

3. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 24.04.2020-ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനം

4. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.05.2019-ലെ 102/D/2020/SM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ക്ലീൻ കേരള കമ്പനിക്ക് 50 ലക്ഷം രൂപ ശുചിത്വ മിഷന്റെ ഫണ്ടിൽ നിന്നും നൽകുന്നതിന് പരാമർശം (3) പ്രകാരം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്തുകൾക്ക് ശുചിത്വ-മാലിന്യ സംസ്കരണ പ്രവത്തനങ്ങൾക്കായി നൽകിയ തുകയിൽ വിനിയോഗ ശേഷം ശുചിത്വ മിഷനിലേക്ക് തിരികെ ഒടുക്കിയ തുകയിൽ നിന്നും 50 ലക്ഷം രൂപ ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിന് അനുമതി നൽകണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്തുകൾക്ക് ശുചിത്വ-മാലിന്യ സംസ്കരണ പ്രവത്തനങ്ങൾക്കായി ശുചിത്വ മിഷനിൽ നിന്നും നൽകിയ തുകയിൽ വിനിയോഗ ശേഷം മിഷനിലേക്ക് തിരികെ ഒടുക്കിയ തുകയിൽ നിന്നും 50 ലക്ഷം രൂപ ക്ലീൻ കേരള കമ്പനിയ്ക്ക് റിവോൾവിംഗ് ഫണ്ടായി അനുവദിക്കുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
നഗരകാര്യ ഡയറക്ടർ

പഞ്ചായത്ത് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.05.29 11:33:05 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്